2009 നവംബർ 8

# ഹൂദോശ് ഈത്തൊ ഞായർ

## യോഹ 2:13-22

ഫാ. മാത്യു പി. ഫ്രാൻസിസ്

കർത്താവിന്റെ ആഗമനത്തിനൊരുക്കമായ സൂബോറോ കാലത്തിന്റെ രണ്ടാമത്തെ ഞായറാഴ്ച ഹൂദോസ് ഈത്തോ ഞായറാണല്ലോ. സഭയുടെ നവീകരണത്തെക്കുറിച്ച് നാം ഇന്ന് ചിന്തിക്കുന്നു. യേശു തന്റെ മണവാട്ടിയായ സഭയെ വിശുദ്ധീകരിച്ചു ദൈവപിതാവിനു സമർപ്പിച്ചതുപോലെ നാമും സ്വയം വിശുദ്ധീകരിച്ച് സഭയുടെ നവീകരണത്തിലും മഹത്വ ത്തിലും പങ്കുചേരുവാനുള്ള അവസരമാണിത്. ക്രിസ്തു സഭയെ വിശുദ്ധീകരിച്ചത് തന്നെ മുഴുവൻ സമർപ്പിച്ചു കൊണ്ടായിരുന്നു. "... ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു ..." (എഫേ 5:25-26). അതിനാൽ ഒരു പുനഃസമർപ്പണത്തിനുള്ള ചിന്തകൾ തിരുസഭ നമുക്ക് ഇന്ന് നൽകുന്നു.

ഇന്നത്തെ സുവിശേഷത്തിൽ യേശു ജറുസലേം ദൈവാലയത്തെ വിശുദ്ധീകരിച്ച് അതിനെ വീണ്ടു പ്രാർത്ഥനയുടെ ആലയമാക്കി മാറ്റുന്ന സംഭവമാണ് നാം വായിച്ചു കേട്ടത്. സമാന്തര സുവിശേഷങ്ങൾ ഈ സംഭവം പരസ്യജീവിതത്തിന്റെ അവസാനമാണ് നൽകിയി രിക്കുന്നത്. എന്നാൽ വി. യോഹന്നാൻ എഴുതിയ സുവിശേഷമനുസരിച്ച് യേശുവിന്റെ പര സ്യജീവിതത്തിന്റെ ആരംഭത്തിൽ കാനായിലെ അത്ഭുതത്തിനു ശേഷമാണ് ഇത് അവതരി പ്പിച്ചിരിക്കുന്നത്. കാനായിൽ സംഭവിച്ച പുതുവീഞ്ഞിന്റെ അനുഭവം ദൈവാലയ ശുദ്ധീക രണ അനുഭവത്തിലും നാം കാണുന്നു. നിലവിലുള്ള പഴക്കംചെന്നതും തഴക്കം വന്നതുമായ അനുഭവങ്ങളെ ക്രിസ്തു നവീകരിക്കുന്നു. യഹൂദരുടെ ഏറ്റവും പ്രധാന ദൈവാലയമാണ് ജറുസലേം. അതായത്, ദൈവസാന്നിദ്ധ്യത്തിന്റെ ഇടങ്ങൾ എന്നു കരുതപ്പെടുന്നിടത്തും അപ ചയങ്ങൾ സംഭവിക്കാം. ഇത് ദൈവത്തിന്റെ സ്വന്തം ജനം എന്നുകരുതിയവർ ദൈവത്തെ മറ ന്ന അവസ്ഥയാണ്. പുറ 32:7-14 വരെ വായിക്കുമ്പോൾ നാം കാണുന്നു: മോശ കല്പനകൾ വാങ്ങുവാൻ മലമുകളിലേക്ക് പോയ ഇടവേളയിൽ ഇസ്രായേൽ ജനം ദൈവത്തെ മറന്ന് കാളക്കുട്ടിയെ ആരാധിക്കുന്നു. ജാഗ്രതയോടെ ഇരുന്നില്ലെങ്കിൽ എല്ലാ മനുഷ്യരുടെയും ഉള്ളിലെ ദൈവാനുഭവത്തിന്റെ തീനാളങ്ങൾ കെട്ടുപോവുകയും സമ്പത്തിന്റെ ആത്മാവ് ഏഴ് കൂട്ടാളികളെയും കൂട്ടിവന്ന് അവിടെ വാസമുറപ്പിക്കുകയും ചെയ്യും.

എല്ലാറ്റിന്റെയും ആരംഭം ശുദ്ധമാണ്. എന്നാൽ ക്രമേണ ആദിമ ഉദ്ദേശശുദ്ധി നഷ്ട പ്പെടുന്നു. അപ്പോഴാണ് പലതും അശുദ്ധമായിത്തീരുന്നത്. ജറുസലേമിന്റെ ഹൃദയഭാഗത്ത് ആരാധനയ്ക്കായി ഒരാലയം പ്രതിഷ്ഠിക്കുകയും ഓരോരുത്തർക്കും പ്രത്യേക സ്ഥലങ്ങളും മാറ്റിവയ്ക്കുകയും ചെയ്തു. എല്ലാ യഹൂദരും ഇവിടെ പ്രാർത്ഥനയ്ക്ക് എത്തുകയും നേർച്ച കൾ എത്തിക്കുകയും ചെയ്തിരുന്നു. വിജാതീയർക്കായി മാറ്റിവച്ചിരുന്ന സ്ഥലം ക്രമേണ ക്രയവിക്രയക്കാരെക്കൊണ്ടു നിറയുന്നു. അങ്ങനെ, യഥാർത്ഥ ആരാധനയുടെ അന്തരീഷം ക്രമേണ മാറി. ഈ അവസരത്തിലാണ് ക്രിസ്തു കോപിക്കുന്നത്. മനുഷ്യർ നില്ക്കേണ്ടുന്ന ഇടങ്ങൾ മറക്കുമ്പോഴും ഓരോരുത്തരുടെയും ജീവിതവിളി മറക്കുമ്പോഴും ഇതേ ദുരുപ യോഗം സംഭവിക്കാറുണ്ട്. ഇത് ആത്മശോധനയ്ക്കുള്ള സൂചനകൂടിയാണ്. വളരെ അപ്രധാ നമായി കൊണ്ടുനടന്ന പല വസ്തുക്കളും വ്യക്തികളും ഇപ്പോൾ നമ്മുടെ ജീവിതത്തിന്റെ പ്രധാനഭാഗത്താണോ നിൽക്കുന്നതെന്ന് പിൻതിരിഞ്ഞു നോക്കുവാനുള്ള ക്ഷണമാണിത്.

അശ്രദ്ധകൊണ്ട് കനൽക്കട്ടയ്ക്ക് മുകളിൽ ചാരം ചൂടിയുട്ടുണ്ടെങ്കിൽ കെടാത്ത കനലിനെക്കുറിച്ച് ധ്യാനിക്കുവാനും അശുദ്ധിയുടെ ചാമ്പലിനെ ഉപേക്ഷിച്ചുകളയാനും നമുക്കാകണം.

ക്രിസ്തു ദേവാലയത്തെ ശുദ്ധീകരിക്കുക വഴിയായി ആ ആരാധനാലയം എന്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടോ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലേക്ക് അതിനെ മടക്കിക്കൊണ്ടു വരുന്നു. ആയിരിക്കുന്ന അവസ്ഥയെക്കുറിച്ചും നിൽക്കുന്ന ഇടത്തെക്കുറിച്ചും ക്രിസ്തുവിന് പൂർണ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത തന്നെ വിഴുങ്ങിക്കളഞ്ഞു എന്ന് കർത്താവ് വിലപിച്ചത്. ദൈവാലയത്തെക്കുറിച്ചുള്ള ഈ തീക്ഷ്ണത നിറഞ്ഞു നിന്ന ക്രിസ്തുവിന്റെ ശരീരം തന്നെ ഒരു ദൈവാലയമാണ്. അതുകൊണ്ടാണ്, ക്രിസ്തു ദൈവാലയത്തെ ശുദ്ധീകരിച്ച് അത് പ്രാർത്ഥനയുടെ ആലയമായി പ്രതിഷ്ഠിച്ചപ്പോൾ നശിക്കാത്ത തന്റെ ശരീരമാകുന്ന ദൈവാലയത്തെക്കുറിച്ചുകൂടി സൂചിപ്പിച്ചത് (യോഹ 2:16,19).

യഥാർത്ഥ ഉദ്ദേശ ശുദ്ധിയിലേക്കുള്ള മടങ്ങിപ്പോകലാണ് എല്ലാ നവീകരണത്തിന്റെയും ആരംഭം. ഇത് ഒരു പുന:സമർപ്പണവും പുനർ ആരംഭവുമാണ്. ക്രിസ്തുവിനെ കണ്ടെത്തുമ്പോൾ സംഭവിക്കുന്ന ഒന്നാണ് നവീകരണം. അപ്പോൾ ഒരാൾക്ക് ജീവിതത്തിലെ കാര്യങ്ങൾക്ക് മുൻഗണനാക്രമം രൂപപ്പെടുന്നു. സീസറിനുള്ളത് സീസറിനു കൊടുക്കുമ്പോൾ പിറകിലെവിടെയോ തള്ളപ്പെട്ടുകിടന്ന ദൈവം ജീവിതത്തിന്റെ പ്രഥമഭാഗത്തായിത്തീരുന്നു. ഇവിടെ, സക്കേവൂസിനെപ്പോലെ, ജീവിതത്തിൽ തിരിച്ചറിവുണ്ടാകുവാനും തന്റേതല്ലാത്തതെല്ലാം പതിന്മടങ്ങ് തിരിച്ചുനൽകുവാനും സാധിക്കണം. അങ്ങനെയൊരവസ്ഥയാണ് രക്ഷയുടെ അനുഭവം. കേട്ടറിഞ്ഞ ക്രിസ്തുവിൽനിന്ന് അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ ഏറ്റുപറയുന്ന ഒരു പരിവർത്തനം കൂടിയാണ് ഈ നവീകരണം. നിക്കോദേമൂസും സമരിയാക്കാരിയും ഇത്തരം നവീകരണ അനുഭവത്തിലേക്ക് വന്ന വ്യക്തികളാണ്. നവീകരണ അനുഭവത്തിൽ ഒരാൾ ക്രിസ്തുവിലേയ്ക്ക് കടന്നുവരികയും വെളിച്ചത്തിന്റെ പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നു. ക്രിസ്തുവിനെ തിരിച്ചറിയാത്തവർ അന്ധകാര അനുഭവങ്ങളിൽ ജീവിക്കുന്നവരാണ്. അഥവാ, ക്രിസ്തുവിനെ മറക്കുന്നവരും ഇതേ അവസ്ഥയിലൂടെ കടന്നുപോകുന്നു. "ഇതാണു ശിക്ഷാവിധി, പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാളധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവർത്തികൾ തിന്മ നിറഞ്ഞതായിരുന്നു" (യോഹ 3:19,20). ലോകത്തിൽ എല്ലാ തിന്മകളുടെ ആരംഭം ദൈവസാന്നിധ്യ അവബോധം മറക്കുമ്പോഴാണ് സംഭവിച്ചിട്ടുള്ളതും.

പരിശുദ്ധാത്മാവ് അഗ്നിയാണ്. അത് നമ്മിൽ വന്ന് നിറയണം. ദൈവവചനം ആത്മാവിൽ നിരന്തരം നിറയ്ക്കണം. പ്രാർത്ഥനയുടെ ആർജ്ജവശക്തി നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. ദൈവസ്നേഹത്തെപ്രതി പലതും ഉച്ഛിഷ്ടമായി കരുതാൻ പഠിക്കണം. സാധാരണ ക്രയവിക്രയങ്ങൾ നടത്തുന്ന നമ്മുടെ ശരീരാലയങ്ങളെ ശുദ്ധമുള്ള ഭവനമാക്കി മാറ്റാൻ കൂദാശാനുഭവങ്ങളിലേക്ക് നാം കടന്നുവരണം. പഴയനിയമത്തിൽ അശുദ്ധമായ ദൈവാലയത്തെ യൂദാസും സഹോദരും ശുദ്ധീകരിച്ചപ്പോൾ "ദൈവാലയത്തിനുള്ളിൽ പ്രകാശം പരന്നു" എന്ന് മക്കബായരുടെ ഒന്നാം പുസ്തകം 4:36-61 നാം വായിക്കുന്നുണ്ട്. ജറമിയാ പ്രവാചകനിലൂടെ കർത്താവ് പറയുന്നു 'ആലയ' അനുഭവത്തിലേക്ക് കടന്നുവരുവാൻ ജനത്തിന്റെ വഴികൾ നേരെയാക്കണമെന്ന് (7:1-15). യഥാർത്ഥ നവീകരണ അനുഭവമെന്നത് ക്രിസ്തുവിന്റെ ആത്മാവിനെ സ്വന്തമാക്കലാണ്. അഥവാ ശിരസ്സായ ക്രിസ്തുവേല്ക്കുള്ള വളർച്ചയാണ് (എഫേ 4:15).

*******************************************